മഞ്ചേശ്വരം മണ്ഡലത്തിൽ ഉദ്ഘാടനത്തിന് ഒരുങ്ങി 48 പദ്ധതികൾ

കാസർകോട്: മഞ്ചേശ്വരം മണ്ഡലത്തിൽ ഉദ്ഘാടനത്തിനൊരുങ്ങി 48 പദ്ധതികൾ. ഒപ്പം 2020-21 വർഷത്തെ ബജറ്റിൽ ഭരണാനുമതി ലഭിച്ച 12 പദ്ധതികളും ഇതൊടൊപ്പം ഉദ്ഘാടനം ചെയ്യും. റൂറൽ ടൂറിസം പ്രൊജക്ട് കുമ്പള, ക്രൂ ഫെസിലിറ്റേഷൻ സെന്റർ ഹൊസങ്കടി, കൗ സർക്യൂട്ട് പ്രൊജക്ട് ആമ്പിലടുക്ക, ഹിൽ ടൂറിസം പ്രോജക്ട് പൊസഡിഗുംപേ, സോളാർ പ്രൊജക്ട് പൈവളിഗെ, ഫാർമേഴ്സ് പ്രൊഡ്യൂസിങ് കമ്പനി മഞ്ചേശ്വരം, താലൂക്ക് ഓഫീസ് ഉപ്പള, ഭവാനിക ഓഡിറ്റോറിയം ഗോവിന്ദ പൈ മഞ്ചേശ്വരം, മൃഗാശുപത്രി മഞ്ചേശ്വരം, വാട്ടർ സപ്ലൈ സ്കീം ആരിക്കാടി, വാട്ടർ സപ്ലൈ സ്കീം ഉൾവാൾ, ഫിഷറീസ് ഹാർബർ ബ്രിഡ്ജ് മഞ്ചേശ്വരം, റയിൽ അടിപ്പാലം മൊഗ്രാൽ, ജി.എച്ച്.എസ്.എസ് കെട്ടിടം കുമ്പള, മൾട്ടി പർപ്പസ് ഹാൾ ജി.എച്ച്.എസ്.എസ് മൊഗ്രാൽ പുത്തൂർ, ഡയറി ട്രെയ്നിങ് സെന്റർ, റസിഡൻഷ്യൽ ഹോസ്റ്റൽ, ജി.ഡബ്ല്യൂ.എൽ.പി.എസ് കെട്ടിടം മഞ്ചേശ്വരം, മഞ്ചേശ്വരം ഹാർബർ പുലിമുട്ട്, വാട്ടർ ഒഗ്മെന്റേഷൻ പദ്ധതി ഉപ്പള, കാസർകോട് മെഡിക്കൽ കോളേജ് കുടിവെള്ള പദ്ധതി വിയർ നിർമ്മാണം അടുക്കസ്ഥല, പൊയ്യനക്കള വി.സി.ബി വോർക്കാടി പാപ്പില മച്ചംപാടി, നൂതില പയ്യാർ കൊടിവി.സി.ബി പൈവളിഗെ, സ്വർണ്ണഗിരി തോട്, മംഗൽപാടി വയലിൽ വി.സി.ബി, കൊടലമൊഗറു നൂജുത്തോട് വി.സി.ബി, ബജ സരോളിമൂല തോടിന് ട്രാക്ടർ വേയോട് കൂടിയ വി.സി.ബി, മധുവാഹിനി പുഴയ്ക്ക് കുറുകെ കോട്ടകുഞ്ചെ അണക്കെട്ട്, പരപ്പ കതോടിന് ട്രാക്ടർ വേയോട് കൂടിയ വി.സി.ബി, മഞ്ചേശ്വരം സുറുമാത്തോട് പുനരുജ്ജീവനം, മധുവാഹിനി പുഴയ്ക്ക് കുറുകെ ഷിരിബാഗിലു-മട്ടത്തൂർ ചെക്ക് ഡാം, മഞ്ചേശ്വരം പുഴയ്ക്ക് കുറുകെ പാമ്പൻകുഴിയിൽ റബ്ബർ ചെക്ഡാം, ഉക്കിനടുക്ക മെഡിക്കൽ കോളേജ് ഏൽക്കാന റോഡ്, പള്ളം-മലങ്കര പഞ്ജാനം റോഡ്, മുണ്ട്യത്തടുക്ക മുഗു പുത്തിഗെ റോഡ്(മെഡിക്കൽ കോളേജ് റോഡ്) എം. ആന്റ് ബി.സി, മൊഗ്രാൽ പുത്തൂർ പഞ്ചായത്തിൽ ആസാദ് നഗർ ബ്ലാർക്കോട്-ഏരിയാൽ റോഡ്, മഞ്ചേശ്വരം ഫിഷറീസ് ഹാർബർ ബ്രിഡ്ജ് നിർമ്മാണം, റെയിൽവേ അടിപ്പാലം കുമ്പള-മൊഗ്രാൽ, പരപ്പ-മയ്യള റോഡ്, ജി.ജെ.ബി.എൽ പേരാൽ, മഞ്ചേശ്വരം അടുക്ക്-വാലക്ക റോഡ്, പേരിക്കാടി, ബേരിക്കെ-കത്തിൽ റോഡ്, ബയോഫെൻസിങ് പ്രൊജക്ട് ഉക്കിനടുക്ക എന്നിവയാണ് മറ്റ് പദ്ധതികൾ.

കാവ്യ സമാഹാരം പ്രകാശനം ചെയ്തു

കാഞ്ഞങ്ങാട്: പി.പി അടിയോടിയുടെ 'കൊളുത്ത് ' എന്ന കാവ്യ സമാഹാരം കാഞ്ഞങ്ങാട് നെഹ്റു കോളേജ് റിട്ട. പ്രിൻസിപ്പൽ ഡോ. വി ഗംഗാധരൻ പ്രകാശനം ചെയ്തു. സിനിമാ പിന്നണി ഗായകൻ അരുൺ എടാട്ട് പുസ്തകം ഏറ്റുവാങ്ങി.പ്രസിഡണ്ട് കെ.സുകുമാരൻ ആധ്യക്ഷം വഹിച്ചു. എൻ.ഗംഗാധരൻ പുസ്തക പരിചയം നടത്തി. എച്ച്.കെ.ദാമോദരൻ, കുമാരൻ നാലപ്പാടം, എം ഗംഗാധരൻ, പി നാരായണൻ അടിയോടി, എം. പുരുഷോത്തമൻ സംസാരിച്ചു. പി.പി. അടിയോടി നന്ദി പറഞ്ഞു.

പി.പി അടിയോടിയുടെ കാവ്യ സമാഹാരം കാഞ്ഞങ്ങാട് നെഹ്റു കോളെജ് റിട്ട.. പ്രിൻസിപ്പൽ ഡോ. വി ഗംഗാധരൻ പ്രകാശനം ചെയ്യുന്നു.

അഭിഷേകിനെ സർക്കാർ ഏറ്റെടുക്കണം: എം എൽ എ

കാസർകോട്: കാനത്തൂരിൽ ഭാര്യയെ വെടിവച്ച് കൊലപ്പെടുത്തിയ ശേഷം ഭർത്താവ് ആത്മഹത്യ ചെയ്ത സംഭവത്തോടെ അനാഥനായ മകനെ സർക്കാർ ഏറ്റെടുക്കണമെന്നു ആവശ്യപ്പെട്ട് കെ കുഞ്ഞിരാമൻ എം എൽ എ മുഖ്യമന്ത്രിക്കു നിവേദനം നൽകി.

ഈ മാസം ഒൻപതിനാണ് ദാരുണമായ സംഭവം നടന്നത്. മാതാവ് ബേബി ശാലിനിയും പിതാവ് വിജയനും ഇല്ലാതായതോടെ ആറു വയസ്സുള്ള മകൻ അഭിഷേക് ആണ് അനാഥനായത്. കാനത്തൂർ ജി യു പി സ്കൂളിലെ ഒന്നാം തരം വിദ്യാർത്ഥിയായ അഭിഷേക് തൽക്കാലത്തേക്ക് ബേഡഡുക്കയിലുള്ള മാതൃ വീട്ടിലാണുള്ളത്. പട്ടികജാതി വിഭാഗമായ മൊഗർ വിഭാഗത്തിൽപ്പെട്ട കുടുംബമാണ്.

മാതാവിന്റെ കൊലപാതകം മകന്റെ കൺമുന്നിലായിരുന്നു. അതിനാൽ കുട്ടിക്ക് മതിയായ ആരോഗ്യ പരിരക്ഷ നൽകേണ്ടതുണ്ടെന്നും സർക്കാർ ഏറ്റെടുക്കണമെന്നും എം എൽ എ നിവേദനത്തിൽ അഭ്യർത്ഥിച്ചു.

ലോക ഹിന്ദി ദിനം ആചരിച്ചു

പെരിയ: കേരള കേന്ദ്ര സർവ്വകലാശാലയുടെ ഹിന്ദി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലോക ഹിന്ദി ദിനാചരണം സംഘടിപ്പിച്ചു. വൈസ് ചാൻസലർ പ്രൊഫ. എച്ച്. വെങ്കിടേശ്വരലു ഉദ്ഘാടനം ചെയ്തു. ഹിന്ദി ഭാഷയുടെ പ്രചരണത്തിന് സർവ്വകലാശാല പ്രഥമ പരിഗണന നൽകി വരികയാണെന്നും ഹിന്ദി മാധ്യമത്തിലൂടെ ജനങ്ങൾക്ക് വേണ്ടിയുള്ള സേവനമാണ് ലക്ഷ്യമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വിജയ്പൂർ അക്കമഹാദേവി വിമൻസ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. നാമദേവ് ഗൗഡ മുഖ്യപ്രഭാഷണം നടത്തി. ഹിന്ദി വകുപ്പ് മേധാവി ഡോ. താരു എസ് പവാർ അധ്യക്ഷത വഹിച്ചു. പ്രൊഫ. സുധാ ബാലകൃഷ്ണൻ, ഡോ. അനീഷ് കുമാർ ടി. കെ. തുടങ്ങിയവർ സംസാരിച്ചു. കൺവീനർ ഡോ. രാംബിനോദ് റേ സ്വാഗതവും ഡോ. ധർമ്മേന്ദ്ര പ്രതാപ് സിങ് നന്ദിയും പറഞ്ഞു.

വെള്ളരിക്കയം മുതൽ ബെള്ളിപ്പാടി വരെ ആനപ്രതിരോധക്കിടങ്ങ്

കാസർകോട്: കാട്ടാനശല്യം രൂക്ഷമായ മുളിയാർ പഞ്ചായത്തിലെ വെള്ളരിക്കയം മുതൽ ബെള്ളിപ്പാടി വരെ നാലുകിലോമീറ്റർ നീളത്തിൽ നിർമ്മിക്കുന്ന ആന പ്രതിരോധകിടങ്ങ് എത്രയും വേഗത്തിൽ പൂർത്തിയാക്കുമെന്നു വനംവകുപ്പ് മന്ത്രി നിയമസഭയിൽ പറഞ്ഞു. കെ കുഞ്ഞിരാമൻ എം എൽ എ ഉന്നയിച്ച സബ്മിഷനു മറുപടി നൽകുകയായിരുന്നു മന്ത്രി.

കാസർകോട് വനം ഡിവിഷനിൽ ഈ സാമ്പത്തിക വർഷം 17 കിലോ മീറ്റർ സോളാർ വേലി നിർമമിക്കുന്നതിനു പ്രവർത്തനാനുമതി നൽകി. 12 കിലോമീറ്റർ സോളാർ വേലിയുടെ അറ്റകുറ്റപണി ചെയ്യുന്നിനും നടപടി സ്വീകരിച്ചു. ഫണ്ട് ലഭിക്കുന്നതിനനസുരിച്ച് വേലി നിർമ്മാണം കൂടുതൽ പ്രദേശങ്ങളിലേയ്ക്കു വ്യാപിപ്പിക്കുമെന്നു മന്ത്രി പറഞ്ഞു.

കർണ്ണാടക വനത്തിൽ നിന്നും എത്തുന്ന ആനകളെ തിരികെ കാട്ടിലേയ്ക്ക് അയക്കുന്നതിന് പ്രത്യേക ദൗത്യ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ സംഘാംഗങ്ങളുടെ എണ്ണം വർധിപ്പിക്കും-മന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞു.

കേരള കേന്ദ്ര സർവ്വകലാശാലയുടെ ഹിന്ദി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന ലോക ഹിന്ദി ദിനാചരണം വൈസ് ചാൻസലർ പ്രൊഫ. എച്ച്. വെങ്കിടേശ്വരലു ഉദ്ഘാടനം ചെയ്യുന്നു

ഷാഹുൽ ഹമീദിനെതിരെയുള്ള വധശ്രമം; മുസ്ലിംലീഗ് പ്രകടനം നടത്തി

കാഞ്ഞങ്ങാട്: മഡിയനിലെ യൂത്ത് ലീഗ് പ്രവർത്തകൻ ഷാഹുലിനെ വധിക്കാൻ ശ്രമിച്ചുവെന്നാരോപിച്ചു മാണിക്കോത്ത് ശാഖ മുസ്ലിം ലീഗ്, യൂത്ത് ലീഗ്, എസ്.ടി.യു, എം.എസ്.എഫ്, പ്രവാസി ലീഗ്, കെ.എം.സി.സി സംയുക്ത പ്രതിഷേധ പ്രകടനം നടത്തി.

പഞ്ചായത്ത് ലീഗ് സെക്രട്ടറി ഹമീദ്, ശാഖ പ്രസിഡന്റ് അബൂബക്കർ, ആസിഫ്, കരീം, നാസർ എൻ വി സലീം, മുഹമ്മദ്, സന, ജസീർ, അസീസ്, എം എം അബ്ദുൽ റഹ്മാൻ പ്രസംഗിച്ചു. എം സി ഖമറുദ്ധീൻ, അസീസ് പ്രസംഗിച്ചു. യൂത്ത് ലീഗ്, എസ്.ടി.യു, എം.എസ്.എഫ് പ്രവർത്തകരും പങ്കെടുത്തു.

സിനിമ
കാസർകോട്
മൂവിമാക്സ്
സർക്കിൾ (A/c)
MAX-1
MASTER (Tamil)
(9.00, 1.00, 6.00)
MAX-2
MASTER (Tamil)
(9.15, 1.30, 5.30)
MAX-3
MASTER (Tamil)
(9.15, 2.00, 5.45)
For online booking
www.moviemaxcirclee.com
സിനി കൃഷ്ണ A/C 2 K
For online booking
www.srikrishnatheatre.com
QUBE Projecter DOLLB 7.1
SCREEN-1
MASTER (Tamil)
(10.00, 1.30, 5.45)
SCREEN-2
MASTER (Tamil)
(10.30, 2.30, 6.00)
FOR ENQ: 04994-220044

മാണിക്കോത്ത് മഡിയനിലെ യൂത്ത് ലീഗ് പ്രവർത്തകൻ ഷാഹുൽ കൊത്തിക്കാലിനെ വധിക്കാൻ ശ്രമിച്ചതിൽ പ്രതി ഷേധിച്ച് മാണിക്കോത്ത് ശാഖ മുസ്ലിം ലീഗ് പോഷക സംഘടനകളുടെയും പഞ്ചായത്ത് മുസ്ലിം യൂത്ത് ലീഗിന്റെയും നേതൃത്വത്തിൽ നടന്ന പ്രകടനം

കാസർകോട് ഡിവിഷൻ എസ് എസ് എഫ് ഭാരവാഹികൾ

കാസർകോട്: എസ് എസ് എഫ് കാസർകോട് ഡിവിഷൻ സ്റ്റുഡൻസ് കൗൺസിൽ സമാപിച്ചു. ബാദുഷ സഖാഫി ആധ്യക്ഷം വഹിച്ചു. എസ് എസ് എഫ് ജില്ലാ സെക്രട്ടറി ശംസീർ സൈനി ഉദ്ഘാടനം ചെയ്തു. റഷീദ് സഅദി വിഷയാവതരണം നടത്തി. മുത്തലിബ് അടുക്കം, തസ്ലീം കുന്നിൽ സംബന്ധിച്ചു.

ഭാരവാഹികളായി അബ്ദുറസാഖ് സഅദി വിദ്യാനഗർ (പ്രസി.), പി.ബി. മുർഷിദ് പുളിക്കൂർ (ജന. സെക്ര.), അഹ്മദ് ഫയാസ് പട്ള (ഫിനാൻസ് സെക്ര.), സയ്യിദ് ഷഹീറുൽ ഹാദി ചൂരി (ദഅവ), അൽ വാരിസ് മനാസ് ഹിമമ്മി (ക്യൂ ഡി), സാജിദ് കാമിൽ സഖാഫി (മഴവിൽ), മാഹിൻ പട്ള (വിസ്ഡം), റഷാദ് പന്നിപ്പാറ (എച്ച് എസ് എസ്), അജ്മൽ ബള്ളൂർ (ഐടി), അഷ്റഫ് ബള്ളൂർ (കാമ്പസ്), ഖാദർ ഹിമമി ചേരൂർ (കലാലയം), അഷ്റഫ് ഹിമമി സഖാഫി (സെക്രട്ടറിയേറ്റ് അംഗം) മാഹിൻ പട്ള സ്വാഗതവും അൽ വാരിസ് മനാസ് ഹിമമി നന്ദിയും പറഞ്ഞു

ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം

കാസർകോട്: കേരള ഇന്നവേഷൻ ദിനത്തിന്റെ ഭാഗമായി കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) 23ന് ജഗതി ഡി.പി.ഐ ജംഗ്ഷനിലുള്ള ജവഹർ സഹകരണ ഭവനിൽ സർക്കാർ, എയ്ഡഡ്, നോൺ എയ്ഡഡ് സ്കൂളുകളിലെ ഹൈസ്ക്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി സംസ്ഥാനതല ക്വിസ് മത്സരം സംഘടിപ്പിക്കും. ടെക്നോളജി, ഇന്നവേഷൻ, കെ-ഡിസ്കിന്റെ നൂതന പദ്ധതികൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് മത്സരം. അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം സ്വീകരിക്കും. ആദ്യം രജിസ്ട്രേഷൻ നടത്തുന്ന 150 ടീമുകൾക്കു മത്സരിക്കാം. ഒന്നാം സമ്മാനം 20,000 രൂപയും രാം സമ്മാനം 15,000 രൂപയുമാണ്. മൂന്നാം സമ്മാനത്തിന് 10,000 രൂപയും നാലും അഞ്ചും ആറും സ്ഥാനം നേടുന്നവർക്ക് 2,000 രൂപ വീതവും നൽകും. വിജയികൾക്ക് സർട്ടിഫിക്കറ്റും മൊമെന്റോയും ഇതോടൊപ്പം നൽകും. ഫോൺ: 9495415256.

തേനീച്ച വളർത്തൽ പരിശീലനം

കാഞ്ഞങ്ങാട്: വെള്ളിക്കോത്ത് ഇൻസ്റ്റിറ്റ്യൂട്ടിൽ സൗജന്യ തേനീച്ച വളർത്തൽ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. 18നും 45നും ഇടയിൽ പ്രായമുള്ള സ്വന്തമായി സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർ ജനുവരി 22ന് മുമ്പായി അപേക്ഷിക്കണം. പരിശീലനം, ഭക്ഷണം എന്നിവ സൗജന്യം. ബിപിഎൽ വിഭാഗക്കാർക്ക് മുൻഗണന. വിലാസം : ഡയറക്ടർ, വെള്ളിക്കോത് ഇൻസ്റ്റിറ്റ്യൂട്ട്, ആനന്ദാശ്രമം (പി.ഒ), കാഞ്ഞങ്ങാട്, 671531.ഫോൺ: 04672268240.

വെൽഡർട്രേഡ്; അപേക്ഷ ക്ഷണിച്ചു

കാസർകോട്: ബേള ഗവ. ഐ ടി ഐയിൽ വെൽഡർ ട്രേഡിൽ പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിനു സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ: 04998284140 എന്ന നമ്പറിൽ നിന്നും ലഭിക്കും.

എൻഡോസൾഫാൻ പെൻഷൻ: വിതരണം നടത്തണം

കാസറഗോഡ് : എൻഡോസൾഫാൻ കിടപ്പ് രോഗികളുടെ പരിചാരകർക്ക് നൽകുന്ന പെൻഷൻ കൃത്യമായി വിതരണം നടത്താൻ നടപടി സ്വീകരിക്കണമെന്ന് വെൽഫെയർ പാർട്ടി ജില്ലാ പ്രസിഡന്റ് മുഹമ്മദ് വടക്കേക്കര പ്രസ്താവനയിൽ ആവശ്യപ്പെട്ടു. 700 രൂപയാണ് പരിചരിക്കുന്ന കുടുംബാംഗത്തിന് നൽകിയിരുന്നത്. എത്രയും പെട്ടെന്ന് കുടിശികയടക്കം കൊടുത്ത് തീർക്കാൻ നടപടിയെടുക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

യാത്രയയപ്പ് നൽകി

അബു ദാബി : പ്രവാസ ജീവിതം അവസാനിപ്പിച്ച് സ്വദേശത്തേക്ക് മടങ്ങുന്ന മഞ്ചേശ്വരം മണ്ഡലം കെ എം സി സി പ്രസിഡന്റ് സെഡ്. എ മൊഗ്രാലിന് മഞ്ചേശ്വരം മണ്ഡലം കെ എം സി സി യാത്രയയപ്പ് നൽകി. മഖ്ബൂൽ ഉസ്താദ് പ്രാർത്ഥന നടത്തി. മുജീബ് മൊഗ്രാൽ ആധ്യക്ഷം വഹിച്ചു. പി കെ അഹമ്മദ് ബല്ലാ കടപ്പുറം ഉദ്ഘടനം ചെയ്തു. അബ്ദുൽ റഹിമാൻ പൊവ്വൽ, ഹനീഫ് പടിഞ്ഞാർമൂല, അസീസ് പെർമുദെ ഇസ്മായിൽ ഉദിനൂർ, സുലൈമാൻ കാനക്കോട്, മഹമ്മൂദ് കല്ലൂരാവി, അനീസ്, ഹനീഫ്, സത്താർ, അഷ്ഫ്, റാഷിദ്, ഷമീം, അസീസ്, അഷ്ഫ്, അസീസ്, സുൽഫി, എം എം നാസ്സർ, അഷ്ഫ് തുടങ്ങിയവർ പ്രസംഗിച്ചു. സി സമീർ, സിദ്ദിഖ് സ്പീഡ് കമ്പ്യൂട്ടർ, യൂസഫ്, ഉമ്പു ഹാജി, ശരീഫ്, കലന്തർ ഷാ, ലത്തീഫ്, ഖാലിദ്, സാദത്ത്, അഷ്ഫ്, ഹമീദ്, ഷാഫി, ഹനീഫ്, സമീർ, ബദറുദ്ദീൻ, നാസ്സർ, ശരീഫ്, ഇബ്രാഹിം, ലത്തീഫ്, സവാദ്, ശിഹാബ്, അലി, ഉസ്മാൻ, അഷ്റഫ്, ഫാറൂഖ്, റാസി, റസാഖ്, സിറാജ്, ഇബ്രാഹിം, ഇബ്രാഹിം, ഷാജഹാൻ, സുനൈഫ്, ഇബ്രാഹിം ഖലീൽ, ഹനീഫ്, ആസിഫ്, ലത്തീഫ് തുടങ്ങിയവർ സംബന്ധിച്ചു. സ്നേഹോപഹാരം ഭാരവാഹികൾ ചേർന്ന് നൽകി. വിവിധ മണ്ഡലങ്ങളും, പഞ്ചായത്തുകളും വ്യക്തികളും സെഡ് എ മൊഗ്രാലിന് സ്നേഹോപഹാരം കൈമാറി. യാത്രയയപ്പിന് കൃതജ്ഞത രേഖപ്പെടുത്തി സെഡ് എ മൊഗ്രാൽ സംസാരിച്ചു. മണ്ഡലം ജനറൽ സെക്രട്ടറി ഇസ്മായിൽ മുഗളി സ്വാഗതവും ട്രഷറർ അബ്ദുൽ റഹിമാൻ കുമ്പള ബായാർ നന്ദിയും പറഞ്ഞു.

ഡിസ്കൗണ്ട് മേള ഉദ്ഘാടനം ചെയ്തു

കാസർകോട്: കേരള ദിനേശിന്റെ ന്യൂയെർ ഡിസ്കൗണ്ട് മേള ബദിയടുക്ക ബസ്റ്റാന്റ് പരിസരത്ത് ബദിയടുക്ക പഞ്ചായത്ത് വൈസ് പ്രസിഡന്റ് അബ്ബാസ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ചന്ദ്രശേഖര ഷെട്ടി ആധ്യക്ഷം വഹിച്ച രവി ആദ്യ വില്പന ഏറ്റുവാങ്ങി. ശ്രീജി, സന്തോഷ്കുമാർ സംസാരിച്ചു. രണ്ടാഴ്ചക്കാലം സ്റ്റാൾ പ്രവർത്തിക്കും.

സ്വാമി വിവേകാനന്ദ ജയന്തിആഘോഷിച്ചു

നീലേശ്വരം: ബി ജെ പി മുൻസിപ്പൽ കമ്മറ്റി സ്വാമി വിവേകനന്ദ ജയന്തി ആഘോഷിച്ചു. സാഗർ ചാത്തമത്ത്, രാജൻ, ടി.രാധകൃഷ്ണൻ, പി.മോഹനൻ, വി കൃഷ്ണകുമാർ പ്രസംഗിച്ചു.

എസ്.കെ.എസ്.എസ്.എഫ് മനുഷ്യ ജാലിക ചീമേനിയിൽ

കാസർകോട് 'രാഷ്ട്ര രക്ഷക്ക് സൗഹൃദത്തിന്റെ കരുതൽ' എന്ന സന്ദേശവുമായി എസ്.കെ..എസ്.എസ്.എഫ്. റിപ്പബ്ലിക് ദിനത്തിൽ ജില്ലാ കേന്ദ്രങ്ങളിലും മറ്റു സംസ്ഥാനങ്ങളിലും വിപുലമായ രീതിയിൽ മനുഷ്യ ജാലിക സംഘടിപ്പിക്കും. പെരുമ്പട്ട മേഖലയിലെ ചീമേനിയിൽ വെച്ച് വൈകീട്ട് മനുഷ്യ ജാലിക തീർക്കുവാൻ ജില്ലാ സെക്രട്ടറിയേറ്റ് തീരുമാനിച്ചു. മനുഷ്യ ജാലിക പ്രഖ്യാപനം തൃക്കരിപ്പൂരിൽ വെച്ച് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ നടത്തി.ഫാസിസത്തെ നേരിടുന്നതിൽ അതിവൈകാരിക മുദ്രാവാക്യങ്ങൾ ഉയർത്തി വർഗ്ഗീയ ധ്രുവീകരണത്തിന് അവസരം നൽകുന്ന തീവ്രവാദ പ്രവർത്തനങ്ങളെ പ്രചാരണങ്ങളിൽ തുറന്ന് കാണിക്കുകയും അസഹിഷ്ണുതയെയും വിദ്വോഷ രാഷ്ട്രീയത്തെയും ചെറുക്കുന്നതിനാണ് മനുഷ്യ ജാലിക ലക്ഷ്യമാക്കുന്നത്.

യോഗത്തിൽ ജില്ലാ പ്രസിഡണ്ട് സുഹൈർ അസ്ഹരി പള്ളങ്കോട് അദ്ധ്യക്ഷത വഹിച്ചു. ജില്ല ജന:സെക്രടറി മുഷ്താഖ് ദാരിമി ട്രഷറർ ഇസ്മായീൽ അസ്ഹരി, വർക്കിങ്ങ് സെക്രട്ടറി യൂനുസ് ഫൈസി കാക്കടവ്, സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം മുഹമ്മദ് ഫൈസി കജ, സുബൈർ ദാരിമി പടന്ന, പി എച്ച് അസ്ഹരി ആദൂർ, അസീസ് പാട്ലടുക്ക, ഇർഷാദ് ഹുദവി ബെദിര, ഹാരിസ് റഹ്മാനി, അഷ്റഫ് ഫൈസി കിന്നിങ്കാർ, കബീർ ഫൈസി പെരിങ്കടി, ഖലീൽദാരിമി ബെളിഞ്ചം തുടങ്ങിയവർ സംസാരിച്ചു.

കാഞ്ഞങ്ങാട് നഗരസഭ സ്ഥിരം സമിതി അധ്യക്ഷന്മാർ: വികസന കാര്യം-സി. ജാനകി കുട്ടി, ക്ഷേമ കാര്യം -പി അഹമ്മദലി. ആരോഗ്യ - കെ.വി.സരസ്വതി, പൊതുമരാമത്ത് - കെ അനീശൻ, വിദ്യാഭ്യാസം- കെ വി മായാകുമാരി.

സ്ഥിരം സമിതി അധ്യക്ഷരെ തിരഞ്ഞെടുത്തു

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ സ്ഥിരം സമിതി ചെയർമാൻമാരുടെ തെരഞ്ഞെടുപ്പ് പൂർത്തിയായി. തെരഞ്ഞെടുക്കപ്പെട്ടവർ: വികസന കാര്യം: എം. അബ്ദുറഹിമാൻ, ക്ഷേമ കാര്യം സീത കെ, ആരോഗ്യ-വിദ്യാഭ്യാസം എം. വിജയൻ. നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിരം സമിതി അധ്യക്ഷരെ തിരഞ്ഞെടുത്തു. ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷയായി വി വി സുനിത, വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷനായി എം സുമേഷ്, ആരോഗ്യ- വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷനായി കെ അനിൽകുമാർ എന്നിവരെ തിരഞ്ഞെടുത്തു. കാഞ്ഞങ്ങാട് നഗരസഭയിൽ സ്ഥിരംസമിതി ചെയർമാൻമാരുടെ തിരഞ്ഞെടുപ്പ് പൂർത്തിയായി. വികസനകാര്യം: സി. ജാനകികുട്ടി, ക്ഷേമകാര്യം: പി. അഹമ്മദ് അലി, ആരോഗ്യ കാര്യം: കെ.വി സരസ്വതി, പൊതുമരാമത്ത്: കെ. അനീശൻ, വിദ്യാഭ്യാസ കാര്യം: കെ.വി മായകുമാരി.

ജില്ലയിലെ സർക്കാർ ഓഫീസുകളിൽ ആരംഭിച്ച ഹരിത ഓഡിറ്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

ശുചിത്വസംഗമം നാളെ മുതൽ

കാസർകോട്: മാലിന്യ സംസ്കരണമേഖലയിലെ മാതൃകകളും അനുഭവങ്ങളും പങ്കുവെക്കുന്നതിന് ഹരിതകേരളം മിഷനും തദ്ദേശസ്വയംഭരണവകുപ്പും ശുചിത്വമിഷനും സംയുക്തമായി ശുചിത്വസംഗമം സംഘടിപ്പിക്കും. തിരുവനന്തപുരത്ത് നടക്കുന്ന സംഗമത്തിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിലെ ജനപ്രതിനിധികളും സംസ്ഥാന, ദേശീയ അന്തർദേശീയതല വിദഗ്ധരും ഉൾപ്പെടെ 1500ലേറെ പ്രതിനിധികൾ പങ്കെടുക്കും. ഇതോടനുബന്ധിച്ച് മാലിന്യ സംസ്കരണരംഗത്തെ മാതൃകകളും പ്ലാസ്റ്റിക്കിനു പകരമുള്ള ഉത്പന്നങ്ങളും ഉൾപ്പെടുത്തി പ്രദർശന-വിപണന മേളയും സംഘടിപ്പിച്ചിട്ടു. നാളെ മുതൽ പ്രദർശനവും 21, 22 തിയതികളിൽ ശില്പശാലയും നടക്കും. 21 ന് വൈകിട്ട് ശുചിത്വസംഗമം ശില്പശാല മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ഷാനവാസ് പാദൂർ വാക്കുപാലിച്ചു; ഫുട്ബോളുമായി കുട്ടികളെ കാണാൻ എത്തി

കാസർകോട്: ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാനവാസ് പാദൂർ വാക്കുപാലിച്ചു. ഫുട്ബോളുമായി കുട്ടികളെ കാണാൻ എത്തി. പെരുമ്പള കുണ്ടടുക്കം എകെ ജി സ്മാരക വായനശാല കഴിഞ്ഞ ആഴ്ച ജനപ്രതിനിധികൾക്ക് സ്വീകരണം നൽകിയവേളയിലാണ് വായനശാല ബാലവേദി പ്രവർത്തകർക്ക് വാക്ക് നൽകിയത്. അങ്ങ് ജില്ലാ പഞ്ചായത്ത് അംഗമായി തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ട് ഞങ്ങൾക്ക് എന്ത് ഉപകാരമാണ് ഉണ്ടാക്കുക എന്ന കുട്ടികളുടെ ചോദ്യത്തിന് നിങ്ങൾക്ക് എന്താണ് വേണ്ടത് എന്ന് ഷാനവാസ് ചോദിച്ചു. ഞങ്ങൾക്ക് കളിക്കാൻ ഒരു പുതിയ ഫുട്ബോൾ വേണം എന്നായിരുന്നു കുട്ടികളുടെ മറുപടി. കുട്ടികളുടെ ആവശ്യം നിറവേറ്റാൻ ഫുട്ബോളുമായി ഷാനവാസ് എകെജി സ്മാരക വായനശാലയിൽ എത്തി. കുട്ടികൾ കളിക്കുന്ന ഗ്രൗണ്ടിൽ വച്ച് തന്നെ ഷാനവാസ് കുട്ടികൾക്ക് ഫുട്ബോൾ കൈമാറി.

കുട്ടികളോടൊപ്പം ഒരു സെൽഫി കൂടി എടുതാണ് ഷാനവാസ് മടങ്ങിയത്.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാനവാസ് പാദൂർ കുട്ടികൾക്ക് ഫുട്ബോൾ കൈമാറുന്നു

മഞ്ചേശ്വരം മണ്ഡലം കെ എം സി സി യുടെ സ്നേഹോപഹാരം ഭാരവാഹികൾ സെഡ് എ മൊഗ്രാലിനു സമ്മാനിക്കുന്നു

THE MAHATHMAJI HOUSING CO-OP.SOCIETY Ltd; No.C.835

MAHATHMAGANDHI NAGAR,
P.O. MULIYAR - 6 71542, KASARAGOD DIST.Ph: 04994 250122

നോട്ടീസ്

മഹാത്മജി ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ. സി. 835-ന്റെ 2019-2020 വർഷത്തെ വാർഷിക പൊതുയോഗം 30.01.2021ന് ശനിയാഴ്ച ഉച്ചയ്ക്ക് ശേഷം 3 മണിക്ക് ബോവിക്കാനത്തുള്ള സംഘം ഓഫീസ് കോൺഫറൻസ് ഹാളിൽ വെച്ച് ചേരുന്നതാണ്. യോഗത്തിൽ മുഴുവൻ 'എ' ക്ലാസ്സ് അംഗങ്ങളും കൃത്യസമയത്ത് എത്തിച്ചേരണമെന്ന് ഇതിനാൽ അറിയിക്കുന്നു.

മുളിയാർ,
13-01-2021

എന്ന്, കല്പനപ്രകാരം,
(ഒപ്പ്) സെക്രട്ടറി

അജണ്ട

1. പ്രാർത്ഥന 2. സ്വാഗതം 3. അജണ്ട അംഗീകരിക്കൽ.
4. അനുശോചന പ്രമേയം. 5. അദ്ധ്യക്ഷ പ്രസംഗം.
6. 2019-2020 വർഷത്തെ പ്രവർത്തന റിപ്പോർട്ട്
7. 2019-2020 വർഷത്തെ വരവ്-ചെലവ് കണക്ക്
8. 2019-2020 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ്
9. 2020-2021 വർഷത്തെ കരട് ബഡ്ജറ്റ്
10. ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കലും ന്യൂനത പരിഹാരങ്ങളും
11. ചോദ്യങ്ങളും പ്രമേയങ്ങളും.
12. പ്രസിഡന്റ് അനുവദിക്കുന്ന മറ്റിനങ്ങൾ
13. കൃതജ്ഞത.

NB: 1. പ്രവർത്തന റിപ്പോർട്ട്, വരവ് ചിലവ് കണക്കുകൾ എന്നിവ സംഘം നോട്ടീസ് ബോർഡിൽ പതിച്ചിട്ടുണ്ട്.
2. ചോദ്യങ്ങളും പ്രമേയങ്ങളും 28-01-2021ന് 5 മണിക്ക് മുമ്പ് സംഘം സെക്രട്ടറിയെ രേഖാമൂലം ഏൽപ്പിക്കേണ്ടതാണ്.